ഉത്തരം

(എ) ഉണ്ട്. ഇന്ത്യയിലെ ആദ്യ ഡിഫൻസ് പാർക്ക് ഒറ്റപ്പാലത്ത് കിൻഫ്രയുടെ കൈവശമുള്ള 60 ഏക്കർ ഭൂമിയിലാണ് സ്ഥാപിക്കുന്നത്. പ്രതിരോധമേഖലയ്ക്ക് ആവശ്യമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭകരെ ആകർഷിച്ച് നിക്ഷേപം കണ്ടെത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) പ്രതിരോധ മേഖലയ്ക്കാവശ്യമായ ഇലക്ട്രോണിക് ഉല്പന്നങ്ങൾ, വാർത്താവിനിമയ ഉല്പന്നങ്ങൾ, പ്രത്യേക ലോഹനിർമ്മിതങ്ങൾ, കര/നാവിക/വ്യോമസേന വിഭാഗങ്ങൾക്കുള്ള വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുക എന്നിവയാണ് ഉദ്ദേശിക്കുന്നത്.

(സി) ഇത് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കിൻഫ്രയും ചേർന്നുള്ള പദ്ധതിയാണ്. കേന്ദ്ര സഹായം 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

കിൻഫ്ര പാർക്ക്

158 (4740) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പാണപ്പുഴ വില്ലേജിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പാണപ്പുഴ വില്ലേജിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന വ്യവസായപാർക്ക് വേണ്ടെന്നുവയ്ക്കാൻ 27-7-2014-ൽ ചേർന്ന 64-ാമത് കിൻഫ്രയുടെ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾ

159 (4741) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2012-13, 2013-14, വർഷങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും പിന്നീട് നഷ്ടം വരുത്തിയതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ എതൊക്കെയെന്നും ഇവയുടെ മുൻ വർഷങ്ങളിലെ ലാഭവും പിന്നീട് ഉണ്ടായ നഷ്ടവും എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly